KERALA KAUMUDI 13-03-2016

## സി.പി.സി.ആർ.ഐ ശതാബ്ദി

# നൂറ് തെങ്ങിൻ തൈകൾ നട്ട് ആഘോഷം

കാസർകോട്: നൂറു തെങ്ങിൻതൈകൾ നട്ട് സി.പി.സി.ആർ.ഐ (സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ശതാബ്ദി ആഘോഷത്തിന് ഗംഭീരതുടക്കം. സി.പി.സി.ആർ.ഐ തന്നെ വികസിപ്പിച്ച വിവിധ ഇനങ്ങളിലുള്ള തെങ്ങിൻതൈകൾ പ്രത്യേകം തയ്യാറാക്കിയ ഭൂമിയിൽ രാജ്യത്തിന്റെ പലഭാഗങ്ങളിൽ നിന്നെത്തിയ കർഷകരും വിശിഷ്ടവ്യക്തികളും ഒരേസമയം നടുകയായിരുന്നു. ഈ തോട്ടം ശതാബ്ദി പാർക്കായി സംരക്ഷിക്കും.

ഒരു വർഷം നീളുന്ന ആഘോഷത്തിന്റെ ഉദ്ഘാടനം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ റിസർച്ച് ഡെപ്യൂട്ടി ഡയറക്ടർ ഡോ. എൻ. കെ. കൃഷ്ണകുമാർ നിർവഹിച്ചു. ലോകവിപണിയിൽ പാലിന്റെ വിപണനത്തിൽ ശ്രദ്ധിച്ചതുപോലെ ഇളനീരിനും വിപണന സൗകര്യം ഒരുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഉത്തരേന്ത്യയിൽ ഇളനീരിന് ആവശ്യക്കാരേറെയുണ്ട്. എന്നാൽ ചുരുക്കം സംസ്ഥാനങ്ങളിലേ ഇളനീർ സുലഭമായി ലഭിക്കുന്നുള്ളൂ. ലോകവിപണിയിൽ ഗുണമേന്മയുള്ള ഇളനീർ ലഭ്യമാക്കിയാൽ കർഷകർക്ക് മെച്ചമുണ്ടാവും.



കാസർകോട്ട് സി.പി.സി.ആർ.ഐ ശതാബ്ദി ആഘോഷത്തിന്റെ ഉദ്ഘാടനം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ റിസർച്ച് ഡെപ്യൂട്ടി ഡയറക്ടർ ഡോ. എൻ.കെ. കൃഷ്ണകുമാർ നിർവഹിക്കുന്നു

കൃഷിയിൽ മൂന്നാംതരം ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ഗവേഷണകേന്ദ്രങ്ങൾ കർഷകരെ സഹായിക്കണം. സ്വകാര്യമേഖലയുമായി ചേർന്ന് വിപണി വിപുലമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

മംഗളൂരുവിലെ 'കാംപ്കോ' പ്രസിഡന്റ് എസ്. ആർ. സതീഷ്ചന്ദ്ര മുഖ്യപ്രഭാഷണം നടത്തി. സി. പി. സി. ആർ. ഐ ഡയറക്ടർ പി. ചൗഡപ്പ അദ്ധ്യക്ഷനായിരുന്നു.

സി.പി.സി.ആർ.ഐ വികസിപ്പിച്ച നാളികേര ചോക്ലേറ്റ് 'കല്പ ചോക്കോ' ചടങ്ങിൽ പുറത്തിറക്കി. ചിത്രകാരൻ പി.എസ്. പുണിഞ്ചിത്തായ വരച്ച 'സി.പി.സി.ആർ.ഐയുടെ നൂറു വർഷങ്ങൾ' എന്ന ചിത്രത്തിന്റെ അനാച്ഛാദനവും ഡോ. കൃഷ്ണകുമാർ നിർവഹിച്ചു.

ഡോ. പി.എൽ. സരോജ്, ഡോ. ആർ.കെ. മാഥൂർ, ഡോ. ജെയിംസ് ജോർജ്, ഡോ. നരേന്ദ്ര പ്രതാപ് സിംഗ്, ഡോ. സി. എൻ. രവിശങ്കർ, ഡോ. എം. ഗോവിന്ദൻ, കോൺകോഡി പത്മനാഭ, പി. ഗിരിജ, ജോർജ് വി. ടി. തോമസ്, കെ.യു.കെ. നമ്പൂതിരി, പി. സി. സതീഷ്, പി. കെ. രാമൻ, ഡോ. കെ. വി. അഹമ്മദ് ബാവപ്പ, ഡോ. സി. തമ്പാൻ, ഡോ. കെ. മുരളീധരൻ എന്നിവർ പങ്കെടുത്തു.

കിസാൻമേള, കൃഷിശാസ്ത്രജ്ഞരുമായി മുഖാമുഖം, ഹോർട്ടികൾച്ചർ പ്രദർശനം തുടങ്ങിയവയും ഒരുക്കിയിട്ടുണ്ട്.